(ബി) മത്സ്യവിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുകയും മത്സ്യോത്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതുമാണ് മത്സ്യ വിത്തുനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം. മത്സ്യവിത്തുല്പാദനവും വിപണനവും ഗുണമേന്മയും സംബന്ധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുക, മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നൽകുക, സീഡ് സർട്ടിഫിക്കേഷൻ നൽകുക, ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ ചെയ്യുക തുടങ്ങിയവയ്ക്കായി സംസ്ഥാന തലത്തിൽ ഒരു മത്സ്യവിത്ത് സെന്റർ കൊണ്ടുവരുന്നതിന് പ്രസ്തുത ബിൽ പ്രകാരം ഉദ്ദേശിക്കുന്നു. സംസ്ഥാനതല സെന്ററിനുപുറമെ എല്ലാ ജില്ലകളും ഉൾപ്പെട്ട് വരത്തക്കവിധത്തിൽ മൂന്നു റീജിയണൽ ഫിഷ് സീഡ് സെന്ററുകൾകൂടി രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്. പരിഹാരനടപടിയായി, പുഴകളിലെ അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണപരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും സ്വാഭാവിക പ്രജനനം ഉറപ്പാക്കുന്നതിനുമായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഫിർമ മുഖേന നടപ്പിലാക്കുന്നുണ്ട്. നദികളിലും പുഴകളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യ കൃഷി പദ്ധതി എല്ലാ ജില്ലകളിലും മത്സ്യകർഷകവികസന ഏജൻസി മുഖാന്തിരം നടപ്പാക്കിവരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. ദേശീയ മത്സ്യവികസന ബോർഡിന്റെ (National Fisheries Development Board) ധനസഹായത്തോടെ കേരളത്തിലെ 19 ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട്.

### ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം

161 (1771) <u>ശ്രീ. എം. എ. വാഹിദ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഭവനരഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന മാനദണ്ഡം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) ഉണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ ധനസഹായ പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി എന്നിവവഴി വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.

(ബി) എൻ.എഫ്.ഡബ്ല്യു.എഫ്. ഭവന പദ്ധതി പ്രകാരം 800 വീടുകൾ ഈ വർഷം അനുവദിക്കുന്നതിന് 16 കോടി രൂപ ചെലവഴിക്കുന്നതാണ്. മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രകാരം 4973 വീടുകൾക്കായി 110 കോടി രൂപയും മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മിക്കുന്നതിന് 25 കോടി രൂപയും അടക്കം 135 കോടി രൂപ 2011–2015 കാലയളവിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

(സി) അനുബന്ധമായി ചേർക്കുന്നു.*

## തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും

182 (1772) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സുരക്ഷയും മത്സ്യബന്ധനത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കാനായി 2012–13-ലെ ബജറ്റ് പ്രഖ്യാപനത്തിലെ ഏതെല്ലാം പരിപാടികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) നാവിക നിയമങ്ങൾ, കടൽസുരക്ഷാ മാർഗ്ഗങ്ങൾ എന്നിവയിൽ തീവ്രപരിശീലനം നൽകുന്നതിനായി 2012–13-ലെ ബജറ്റിൽ വകയിരുത്തിയ 2 കോടി രൂപയിൽ എത്ര തുക എന്തെല്ലാം പരിപാടികൾക്കായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) 9 തീരദേശ ജില്ലകളിലെ മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻവഴി 33 കോടി രൂപ അടങ്കൽ തുകവരുന്ന സംയോജിത കടൽ സുരക്ഷാ പദ്ധതിയുടെ പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതിയിലൂടെ 4000 മത്സ്യബന്ധനയാനങ്ങൾക്ക് അപകട സ്ഥാനം നിർണ്ണയിക്കുന്നതിനായി റേഡിയോ ബീക്കൺ, കപ്പലുകളുമായും മറ്റ് യാനങ്ങളുമായി ആശയവിനിമയം നടത്തുന്നതിനായി വി.എച്ച്.എഫ്-മറൈൻ റേഡിയോ, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്, മറ്റ് യാനങ്ങളുടെ വിശദവിവരം മനസ്സിലാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം, ജി.പി.എസ്.-ജി.എസ്.എം, വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ നൽകാൻ ഉദ്ദേശിക്കുന്നു.

കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 910 ലക്ഷം രൂപ അടങ്കൽ തുകവരുന്ന കടൽ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ ഏകദേശം 600 ആഴക്കടൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.